പതിനെട്ട് കുടുംബങ്ങളാണ് ഉണ്ടെന്നും അവരെ അവിടെനിന്നും മാറ്റുന്നതു് ശരിയല്ലെന്നുമാണു്. അവർ തന്നെയാണു് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പെറ്റീഷൻ കൊടുത്തിട്ടുള്ളതെന്നും അറിയുന്നു. അവിടെനിന്നും ഒഴിപ്പിക്കപ്പെടുന്നവരെ സഹകരിയ്മായി കൂടി പരിപ്പിക്കുന്നതിനു് പ്രത്യേകമായി സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികളും എടുത്തിട്ടുള്ളതായും അറിയുന്നു. എനിക്കു് പറയുവാനുള്ളതു് എത്രയോ ആയിരം രൂപയുടെ ഉപകരണങ്ങളും ഇതിന്റെ ആവശ്യത്തിനുവേണ്ടി വാങ്ങിയിട്ടുള്ളതു് ആ സ്ഥലത്തിൽ കിടന്നു് നശിക്കുകയാണെന്നും, ഇതിലേക്കു് വേണ്ടി കുറെ കെട്ടിടങ്ങളും കെട്ടുകയും ചെയ്തിട്ടുണ്ടു് എന്നുമാണു്. അതുകൊണ്ടു് ഇനി ആവശ്യമായ പണികളുംകൂടി പൂർത്തിയാക്കി കഴിയുന്നതും വേഗം ആ പദ്ധതിയുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള ഉത്തരവു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി കൊടുക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

Shri. R. Sanker: Sir, I will give a reply on Thursday.

Damage by fire to houses of fisherfolk at Ponnani—Reply

Mr. Speaker : A reply is due from the hon. Minister for Harijan Welfare to an earlier Rule 61 notice of Shri V. P. C. Thangal. I call upon the hon. Minister to give the reply.

ശ്രീ. കെ. കുഞ്ഞമ്പു: സർ, ഇന്നലെ ശ്രീ.വി.പി.സി.തങ്ങൾ പൊന്നാനിയിലുണ്ടായ അഗ്നിബാധയെസംബന്ധിച്ചു് ഒരു പ്രശ്നം റൂൾ 61 പ്രകാരം ഉന്നയിക്കുകയുണ്ടായി. ഈ കഴിഞ്ഞ 13—ാം തീയതി കാലത്തു് അവിടെയുള്ള എട്ടു് വീടുകൾ തീകത്തി നശിക്കുകയുണ്ടായി. അതിൽ ഏഴു വീടുകൾ ഓലകൊണ്ടുള്ള ചെറുകുടിലുകൾ ആയിരുന്നു. അതിൽ ഒരു വീടു് കല്ലുകൊണ്ടു് കെട്ടിയിട്ടുള്ളതു് മേൽപ്പുര ഓലമേഞ്ഞതാണു്. കൂടാതെ പന്ത്രണ്ടു നല്ല തെങ്ങുകൾ കത്തി നശിച്ചു പോയിട്ടുണ്ടു്. അതിനും പുറമേ ഒരു ആട്ടും ഒരു കോഴിയും തീയിൽ വെന്തു നശിച്ചുപോകുകയുണ്ടായി. ആളപായം ഒന്നും ഉണ്ടായില്ല. ആകപ്പാടെ 4053 രൂപയുടെ നഷ്ടമാണു് അവിടെ ഉണ്ടായിട്ടുള്ളതു്. സാധാരണഗതിയിൽ പൊന്നാനിയിൽ തീപിടുത്തം ഉണ്ടാകുകയും അവിടെയുള്ളപാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വീടുകൾ കത്തിനശിക്കുകയും ചെയ്യുന്നതു് ഒരു സംഭവമായി തീർന്നിരിക്കുകയാണു്. അവിടെ തീപിടുത്തം ഉണ്ടായാൽ, തീകെടുത്തുന്നതിനു് ആവശ്യമായ വാഹനങ്ങളോ മറ്റുവിധത്തിലുള്ള സാധനസാമഗ്രികളോ അവിടെയില്ല. ഇക്കൊല്ലം തന്നെ അവിടെ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടു്. ഏപ്രിൽ മാസത്തോടുകൂടി അതിന്റെ പ്രവ

LIBRARY ARCHIVES Kerala Legislative Assembly

ത്തനം ആരംഭിക്കാനുള്ള നടപടികളും എടുത്തിട്ടുണ്ട്. അവിടെയുള്ള വീടുകളും കൃഷിനശിച്ചുപോയ ഉടനെതന്നെ താൽക്കാലികമായി അവർക്ക് ആശ്വാസമെന്നുള്ള നിലയിൽ ഓരോ കുടുംബത്തിനും അഞ്ചു രൂപാ വീതം കൊടുത്തിട്ടുണ്ട്. അതിനുശേഷം അടിയന്തിരമായി അവിടെയുള്ള എട്ട് കുടുംബങ്ങൾക്ക് വീടുകൾ കെട്ടി പൂർത്തിയാക്കുന്നതിനു വേണ്ടി 50 രൂപാ വീതം ഓരോ കുടുംബത്തിനും കൊടുക്കാനുള്ള നിർദ്ദേശം ഗവണ്മെൻറിൽനിന്ന് കൊടുത്തിട്ടുണ്ട്. മാത്രമല്ല അവിടെയുള്ള നാട്ടുകാരുടെ സഹകരണത്തോടുകൂടി ഉദ്യോഗസ്ഥന്മാർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി പുനഃസംഘടിപ്പിച്ച് ആവശ്യമായ സഹായസഹകരണങ്ങളും തീപിടുത്തംമൂലം നഷ്ടം സംഭവിച്ചവർക്ക് എത്തിച്ചുകൊടുക്കാനുള്ള എല്ലാ ഏർപ്പാടുകളും ആരംഭിക്കുന്നതായി അറിയുന്നു. അവിടെയുള്ള മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾ അധികവും ഒരു സെൻറിനുള്ളിലും രണ്ട് സെൻറിനുള്ളിലും ഒതുങ്ങി പാർക്കുകയാണ് ചെയ്യുന്നത്. പൊന്നാനിയിൽ ഗവണ്മെൻറ് വക പുറംപോക്ക് ഭൂമി ഉണ്ടെന്നാണ് ഗവണ്മെൻറിന് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ആ പുറംപോക്ക് ഭൂമിയിൽ കഴിയുന്ന ആളുകളെ താമസിപ്പിക്കുന്നതിനുള്ള നടപടികളെടുക്കുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. സെറ്റിൽമെൻറ് സ്കീം അനുസരിച്ച് കഴിഞ്ഞകൊല്ലം 20 വീടുകൾ മത്സ്യത്തൊഴിലാളികൾക്ക് കെട്ടിക്കൊടുത്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ അനുവദിച്ചിട്ടുള്ള 20വീടുകളും പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്തിരിക്കുകയാണ്. അവിടെ ഈ കാര്യം സംബന്ധിച്ച് ആവശ്യമായ നടപടികളെടുക്കുന്നതിന് ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

PRESENTATION OF REPORT

Shri. M. Narayana Kurup : Sir, I, Chairman, Committee on Subordinate Legislation, present the Tenth Report of the Committee.

FINANCIAL BUSINESS

Voting on Demands for grants in the Budget for 1964–65 (*contd.*)

Demand XXXII—Irrigation

Demand XLVI Capital outlay on Irrigation.

Minister for Food and Agriculture **(Shri E. P. Poulose)** : Sir, I move that Government be granted a sum of Rs. 2,75,35,000 under Demand XXXII Irrigation.

Minister for Law and Revenue **(Shri T. A. Thomman)**: Sir, I second it

LIBRARY ARCHIVES Kerala Legislative Assembly